1158

# കേരളത്തിന്റെ

## ഭാവി

ആഗമാനന്ദസ്വാമികൾ.

ശ്രീരാമകൃഷ്ണാദ്വൈതാശ്രമം, കാലടി.

വില 6 ണ.

കാലടി

# ശ്രീരാമകൃഷ്ണാദ്വൈതാശ്രമം വക പ്രസിദ്ധീകരണങ്ങൾ.

---

**ശ്രീരാമകൃഷ്ണചരിത സംഗ്രഹം.**

യുഗാവതാരപുരുഷനായ ശ്രീരാമകൃഷ്ണദേവന്റെ സംക്ഷിപ്ത ജീവചരിത്രം.

വില ക 1—0—0

**ശ്രീമാതൃദേവി**

ശ്രീരാമകൃഷ്ണദേവന്റെ സഹധർമ്മിണിയും പ്രഥമശിഷ്യയും രാമകൃഷ്ണസംഘത്തിന്റെ പരിശുദ്ധമാതാവും ആയ ശ്രീശാരദാദേവിയുടെ സംക്ഷിപ്ത ജീവചരിത്രം

വില ക. 0—12—0

**എന്റെ ആചാര്യദേവൻ.**

ശ്രീരാമകൃഷ്ണദേവനെപ്പററി ശ്രീ. വിവേകാനന്ദസ്വാമികൾ ചെയ്ത ഏക പ്രസംഗത്തിന്റെ വിവർത്തനം.

വില ക 0—10—0

**ഹിന്ദുമതസാരതത്വങ്ങൾ.**

ഹിന്ദുമതത്തെ സംബന്ധിച്ചു ഒരു സാമാന്യജ്ഞാനം ലഭിക്കണമെന്നാഗ്രഹിക്കുന്നവർ ഈ പുസ്തകം വായിക്കണം.

വില ക 0—8—0

മാനേജർ, പ്രബുദ്ധകേരളം,
കാലടി, T. C. S.

1156

# കേരളത്തിൻെറ ഭാവി.

BOSE LIBRARY & READING ROOM
KOTTAYAM
VELOOR

ആഗമാനന്ദ സ്വാമികൾ

ശ്രീരാമകൃഷ്ണാദ്വൈതാശ്രമം, കാലടി.

വില 6 ണ.

കോപ്പി—1000

1955 ഒക്ടോബർ

*Rajan's Printing Works, Kalady.*

# വിഷയവിവരം.


1. ഒരു സന്ന്യാസിയുടെ വീക്ഷണഗതി.
2. മനുഷ്യവർഗ്ഗം മുഴുവൻ തന്റേതു്.
3. കേരളം—സകലസൃഷ്ടിസൌന്ദര്യധാമം.
4. കേരളം—സംസ്കാരനികേതനം.
5. കേരളം—സ്വീകരിച്ചതും സമ്പാദിച്ചതും.
6. പക്ഷെ, ഇന്നൊരു മഹാഭ്രാന്താലയം.
7. ഐക്യമില്ലാതിരിക്കെ ഏകകേരളമോ?
8 ഗുരുനിന്ദ.
9. കുഴപ്പങ്ങൾക്കു് ഏകപരിഹാരം.
10. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പു്.'
11. മതം നമുക്കു് എന്തു തരും?
12. വിവേകാനന്ദസ്വാമി പറഞ്ഞു—
13. ഞാനാരു്?
14. ശാങ്കരസിദ്ധാന്തം
15. വേദാന്തം—ജാതിമതവഴക്കിനു പരിഹാരം.

16. കഥകളല്ല ഹിന്ദുമതതത്വം.

17. വേദാന്തത്തിൽ ക്രിസ്തുവും നബിയും ബുദ്ധനും.

18. വേദാന്തം-സർവ്വഭൂതസ്നേഹം.

19. പണത്തിന്റെ പ്രയോജനം.

20. രാഷ്ട്രീയവും മതവും—
ഗാന്ധിജിയുടെ വിശകലനങ്ങൾ.

21. ശ്രീശാങ്കരമഠം-പോംവഴി.

22. ശ്രീശങ്കര കാളേജ്—ലക്ഷ്യം.

23. ഒന്നാമത്തെ നേഷൻ നിർമ്മാതാവ്.

24. ശാങ്കരമതം പ്രചരിപ്പിക്കുക

# കേരളത്തിന്റെ ഭാവി.

[ശ്രീ ആഗമാനന്ദസ്വാമികൾ ആഗസ്റ്റ് 20-ാംതീയതി ന്യൂഡൽഹി മലയാളിക്ലബ്ബിൽവച്ച് ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.]

കേരളീയരായ നിങ്ങളെ ഇത്രപേരെഒന്നിച്ച് ഇവിടെവച്ചു കണ്ടു് സംസാരിക്കാൻ സാധിച്ചതിൽ എനിക്കു് സന്തോഷമുണ്ടു്. ഞാൻ നിങ്ങളോടു് കേരളത്തിന്റെ ഭാവിയെപ്പററിയാണു് സംസാരിക്കുന്നതു്. ഒരു കവിയും സയിന്റിസ്റ്റും തത്വജ്ഞാനിയും ഭക്തനും ജ്യോതിഷിയും ചന്ദ്രനെ കാണുന്നുവെന്നിരിക്കട്ടെ- ഓരോരുവനും ഉണ്ടാകുന്ന ചിന്ത ഓരോന്നായിരിക്കും. അതുപോലെ കേരളത്തിന്റെ ഭാവിയെപ്പററി ഒരു രാജ്യതന്ത്രജ്ഞനും സമുദായപരിഷ്കർത്താവും ഭാഷാശാസ്ത്രചിന്തകനും മതപ്രവർത്തകനും നോക്കുന്നതു് ഓരോവിധത്തിലായിരിക്കും. അതു് അവരുടെ കുററമല്ല. അക്കൂട്ടത്തിൽ ഞാൻ ഒരു മതപ്രവർത്തകനും പ്രത്യേകിച്ചും രാമകൃഷ്ണസംഘത്തിലെ ഒരു സന്യാസിയുമാണെന്നു നിങ്ങൾക്കറിയാം. എന്റെ വീക്ഷണഗതി ആ നിലയിലായിരിക്കും. അതിൽ നിങ്ങൾ എന്നെ കുററപ്പെടുത്തുകയില്ലല്ലോ.

എന്നാൽ ഒരു കാര്യമുണ്ടു്. കഥകളിയിലും നാടകത്തിലും നടനല്ല, പ്രേക്ഷകനാണു് കളിയുടെരസം ആസ്വദിക്കുന്നതു്. ഇതു് രസശാസ്ത്രസിദ്ധാന്തമാണു്. അ

തുപോലെ ഏതെങ്കിലും കക്ഷിയിൽപെട്ടു പ്രവർത്തിക്കുന്നയാളേക്കാൾ ഒന്നിലുംപെടാതെ സാക്ഷിയായിനിന്നു നോക്കുന്നയാൾക്കാണു് സത്യമറിയാൻ കഴിയുക. പന്തുകളിയിൽ പ്രേക്ഷകരാണല്ലൊ വിധി നിശ്ചയിക്കുന്നതു്. അതുപോലെ ഒരു രാഷ്ട്രീയകക്ഷിയിലുംപെടാതെ ഒരു പ്രത്യേക സമുദായത്തോടും ഒട്ടാതെ ഒരു പ്രത്യേകദേശത്തെയും പൌരനെന്നു ഭാവിക്കാതെ ഒരു കുടുംബത്തിന്റെയും പ്രത്യേകൈശ്വര്യം ചിന്തിക്കാതെ മനുഷ്യവർഗ്ഗത്തെമുഴവൻ- അല്ല സകലജീവജാലങ്ങളേയുംതന്നെ- തന്റേതായിക്കാണുന്നവനാണു സന്ന്യാസി, വിശേഷിച്ചും രാമകൃഷ്ണ മിഷൻ സന്ന്യാസി. രാമകൃഷ്ണമിഷൻ സന്ന്യാസിമാർ ഇംഗ്ലണ്ടിൽ പ്രവർത്തിക്കുന്നതു് ഇംഗ്ലീഷുകാരുടേയും അമേരിക്കയിൽ പ്രവർത്തിക്കുന്നതു് അമേരിക്കക്കാരുടേയും ഫ്രാൻസിൽ പ്രവർത്തിക്കുന്നതു് ഫ്രഞ്ചുകാരുടേയും ഗുണത്തിനാണു് എന്നു് നിങ്ങൾക്കറിയാമല്ലൊ. അതുകൊണ്ടു് ഇന്നു ഞാൻ കേരളത്തിന്റെ ഭാവിയെപ്പററി നിങ്ങളുടെമുമ്പിൽ അവതരിപ്പിക്കുന്ന അഭിപ്രായം ഒരു കക്ഷിപിടിച്ചുമല്ല; ഒരു സ്വാർത്ഥോദ്ദേശത്തോടുകൂടിയുമല്ല. എന്തെന്നാൽ എനിക്കു് ഭൌതികമായ ഒന്നും സാധിക്കാനില്ല. ആ നിലയിൽനിന്നു കാണുന്ന അഭിപ്രായം ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണു്.

കേരളത്തിന്റെ ഭൂപ്രകൃതിയെപ്പററി എനിക്കുള്ള അഭിപ്രായം ആദ്യമായി ഞാൻ പറയാം. ശ്രീവിവേകാനന്ദസ്വാമികൾ അമേരിക്ക കണ്ടുകഴിഞ്ഞപ്പോൾ ഒരു മാന്യൻ ചോദിച്ചു:- "ഇൻഡ്യയെപ്പററി അങ്ങയുടെ അ

ഭിപ്രായം എന്താണ്?" എന്ന്. അയാൾ വിചാരിച്ചു അമേരിക്കയിലെ വലിയ കെട്ടിടങ്ങളും ആഡംബരവും ധനസമൃദ്ധിയുംകണ്ട് സ്വാമിജി ഇൻഡ്യയെ മറന്ന് അമേരിക്കയെ സ്തുതിക്കുമെന്ന്. എന്നാൽ സ്വാമിജി പറഞ്ഞ മറുപടി, "അമേരിക്ക കാണുന്നതിനുമുമ്പ് ഇൻഡ്യയെ ഒരു പുണ്യസ്ഥലമായി ഞാൻ കരുതിയിരുന്നു. എന്നാൽ ഇന്ന് ഇൻഡ്യയിലെ ഓരോ തരിമണലും പുണ്യപൂർണ്ണമായി ഞാൻ കാണുന്നു" എന്നാണ്. അതുപോലെ ഇൻഡ്യയിലെ പല പ്രധാനപ്പെട്ടസ്ഥലങ്ങളും സന്ദർശിച്ചശേഷം ഞാൻ കാശിയിൽ താമസിക്കുമ്പോൾ കേരളീയനല്ലാത്ത ഒരു സുഹൃത്ത് എന്നോടു ചോദിച്ചു:- "ഇപ്പോൾ മലയാളത്തെപ്പററി അങ്ങയുടെ അഭിപ്രായം എന്താണ്?" എന്ന്. അതിനു ഞാൻ പറഞ്ഞമറുപടി ഇപ്രകാരമാണ്. "ബ്രഹ്മാവ് ഭൂമിമുഴുവൻ സൃഷ്ടിച്ചു. അതിനുശേഷം ആകെക്കൂടി ഒന്നുനോക്കി തനിക്ക് ഇത്രവളരെ വിചിത്രങ്ങളും വിശിഷ്ടങ്ങളും ഹൃദയാകർഷകങ്ങളും അത്ഭുതകരങ്ങളുമായ സാധനങ്ങൾ സൃഷ്ടിക്കാൻസാധിച്ചല്ലൊ എന്നഭിമാനിച്ചു. അപ്പോൾ ആരുടെ നാഭികമലത്തിലാണോ ബ്രഹ്മാവിരിക്കുന്നതു് ആ മഹാവിഷ്ണു പറഞ്ഞു:- 'വരട്ടെ- വരട്ടെ- അഹങ്കരിക്കാൻ കുറച്ചു കഴിയട്ടെ' എന്ന്. ബ്രഹ്മാവു വിചാരിച്ചു വിഷ്ണു എന്തു ചെയ്യാൻ പോകുകയാണെന്ന്. അങ്ങിനെ കാലം കുറെ കഴിഞ്ഞു. വിഷ്ണു പരശുരാമനായവതരിച്ചു; കേരളം സൃഷ്ടിച്ചു. അതുകഴിഞ്ഞപ്പോൾ ഒരു ദിവസം വിഷ്ണു ബ്രഹ്മാവിനോടു പറഞ്ഞു:- "നീ നിന്റെ സൃഷ്ടിവൈഭവത്തെപ്പററി അന്നൊരിക്കൽ അഹങ്കരിച്ചുവല്ലൊ. എ

ന്നാൽ എന്റെ ഒരു അംശാവതാരംമാത്രമായ പരശുരാമൻ എന്തു ചെയ്തിരിക്കുന്നുവെന്നു് കേരളത്തിൽ പോയിനോക്കുക" എന്നു്. ഇതുകേട്ടു് ബ്രഹ്മാവു് കേരളത്തിൽ വന്നുനോക്കി. കേരളം കണ്ടു് ലജ്ജിച്ച തലതാഴ്ത്തി അഹങ്കാരംകളഞ്ഞു വിഷ്ണുവിനെ ശരണംപ്രാപിച്ചു് 'എന്റെ സകല സൃഷ്ടിസൌന്ദര്യവുംകൂടിയെടുത്താൽ അങ്ങയുടെ അംശാവതാരം സൃഷ്ടിച്ചതിന്റെ നൂറിലൊന്നില്ലല്ലൊ' എന്നുപറഞ്ഞു. ഇങ്ങിനെ ബ്രഹ്മാവിനെക്കൊണ്ടു പറയിപ്പിച്ച സ്ഥലമാണു് കേരളം. ഇതാണെന്റെ അഭിപ്രായം. കേരളത്തിനുവെളിയിൽ താമസിക്കുന്ന നിങ്ങൾ ഇടയ്ക്കു കേരളത്തിൽ വരുമ്പോൾ നിങ്ങൾക്കും അത്ഭുതം തോന്നിയിരിക്കണം. അവിടത്തെ പ്രകൃതിസൌന്ദര്യം. അത്ര മഹിമയുള്ളതാണു് കേരളം. ആ കേരളത്തെ മാതൃഭൂമിയായി ലഭിക്കാൻ സാധിച്ച നിങ്ങൾ ധന്യരാണു്. അവിടെ ജനിച്ചതിൽ എനിക്കും സന്തോഷമുണ്ടു്.

കേരളത്തിനു മറെറാരു വൈശിഷ്ട്യമുണ്ടു്. ലോകത്തിലെ സകല സംസ്കാരവും തന്നിലേക്കു ആകർഷിച്ചിട്ടുണ്ടെന്നുള്ളതാണതു്. ആര്യദ്രാവിഡ സിദ്ധാന്തം വിശ്വസിക്കാത്ത ഒരുവനാണു ഞാൻ. ഋഗ്വേദത്തിലോ മററു വേദങ്ങളിലോ മഹാഭാരതത്തിലോ രാമായണത്തിലോ ഒരു ദിക്കിലും ആര്യശബ്ദം ഒരു വർഗ്ഗത്തെ കുറിക്കുന്നതായി പ്രയോഗിച്ചുകാണുന്നില്ല. ആര്യശബ്ദം ഋഗ്വേദത്തിൽ പ്രയോഗിച്ചിട്ടുള്ളതു് മുപ്പത്തിയാറു് മന്ത്രങ്ങളിൽ മാത്രമാണു്. ആ മുപ്പത്തിയാറും ഞാൻ മലയാളത്തിൽ

അൎത്ഥത്തോടുകൂടി പ്രബുദ്ധകേരളം മാസികവഴി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒററടിക്കിലും അതു വെളിയിൽനിന്നു വന്നവരെക്കുറിക്കാൻ ഉപയോഗിച്ചിട്ടുള്ളതായി കാണാൻ സാദ്ധ്യമല്ല. ആൎയ്യശബ്ദത്തിന്റെ അൎത്ഥം ഗമ്യൻ, പ്രാപ്യൻ, ശ്രേഷ്ഠൻ എന്നാണ്. ഗമ്യൻ, പ്രാപ്യൻ എന്നതുകൊണ്ട് ഒരിടത്തു താമസിക്കുന്നവൻ അല്ലെങ്കിൽ ഉറച്ചുനില്ക്കുന്നവൻ എന്നാണ് അൎത്ഥമാക്കുന്നതു്. അല്ലാതെ വന്നവൻ എന്നല്ല. ദ്രാവിഡൻ എന്ന പദം ഋഗ്വേദത്തിലേ ഇല്ല. ദ്രാവിഡരെക്കുറിക്കാൻ ഋഗ്വേദത്തിൽ പ്രയോഗിച്ചിരിക്കുന്നതു് ദസ്യുശബ്ദമാണെന്നു പറയപ്പെടുന്നു. ദസ്യു ശബ്ദം ഋഗ്വേദത്തിലുണ്ട്. എന്നാൽ അതു ദ്രാവിഡരെന്നൊരു വൎഗ്ഗക്കാരെ കുറിക്കാനാണെന്നുള്ളതിനു തെളിവില്ല. അതിനു നാശകൎത്താവെന്നാണർത്ഥം. * അപ്പോൾ അക്രമിവെളിയിൽനിന്നു വന്നവനെന്നാകും. നിശ്ചയമായും ഇവിടുത്തെ ആദിമനിവാസികൾ ദസ്യുക്കളാകയില്ല. ഋഗ്വേദത്തിനുശേഷമുള്ള പുസ്തകങ്ങളിൽ ആൎയ്യശബ്ദത്തിന്റെ വിപരീതപദമായി മ്ലേച്ഛശബ്ദം പ്രയോഗിച്ചുകാണുന്നുണ്ട്. ഇതും വൎഗ്ഗവാചിയാണെന്നു തോന്നുന്നില്ല. ഏതായാലും ആൎയ്യന്മാരെന്ന വൎഗ്ഗക്കാർ വെളിയിൽനിന്നു വന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഭാരതഖണ്ഡത്തിൽ വടക്കേഇൻഡ്യയിലും തെക്കേഇൻഡ്യയിലും രണ്ടു സംസ്കാരം ചില അംശങ്ങളിൽ ബന്ധപ്പെട്ടും മററു ചില അംശങ്ങളിൽ സമ്പൂൎണ്ണം സ്വതന്ത്രമായും വളൎന്നുവന്നുവെന്ന് സമ്മതിക്കാം. ആ സംസ്കാരം രണ്ടും കേരളത്തിൽ ചരിത്രാതീതകാലത്തുതന്നെ സമ്മേളിച്ചു. ഈജിപ്റ്റ്, ബാബിലോണിയാ മ

---

* വി ജാനീഹ്യാൎയ്യാൻ യേ ച ദസ്യവോ. I-51-8

തലായ രാജ്യങ്ങളുമായി വളരെ പ്രാചീനകാലംമുതൽ കച്ചവടത്തിലേർപ്പെട്ട് അവിടെയുള്ള നല്ല ആശയങ്ങളും കേരളം സ്വീകരിച്ചിട്ടുണ്ട്. ബുദ്ധമതവും ജൈനമതവും കേരളത്തിൽ ധാരാളം വ്യാപിച്ചിരുന്നതായി തെളിവുണ്ട്. കേരളത്തിലെ ഒരു പ്രധാന ദേവനായ ശാസ്താവിനെ ബുദ്ധനാക്കി ചിലർ ചിത്രീകരിക്കാൻ ശ്രമിക്കുന്നതായറിയുന്നു. ഇതിനോടു ഞാൻ യോജിക്കുന്നില്ല. കേരളത്തിലെ നമ്പൂതിരിമാർതന്നെ ആരാധിക്കുന്ന മുഖ്യദേവന്മാരിൽ ഒരാളാണ് ശാസ്താവ്. തന്ത്രസമുച്ചയം അതിനു തെളിവാണ്. ഒരു ദേവന്റെ ഗുരുപരമ്പരയാ ഉപദേശിക്കപ്പെടുന്നതും രഹസ്യമെന്നു കരുതപ്പെടുന്നതും ആയ ധ്യാനത്തിൽനിന്നാണ് ആ മൂർത്തിയുടെ യഥാർത്ഥരൂപം അറിയാൻ കഴിയുന്നതു്. ശാസ്താവിന്റെ ധ്യാനം അദ്ദേഹത്തെ 'സ്നിഗ്ദ്ധാരാളവിസാരികുന്തളഭരനം' (മനോഹരമായ കുറുനിരകളുൾക്കൊണ്ടുചുറവും ശോഭിക്കുന്ന കേശഭാരത്തോടുകൂടിയവനും) 'നീലക്ഷൌമവസ'നം (നീലവർണ്ണമായ പട്ടുടുത്തവനും) 'നവീനജലദശ്യാമ'നം (പുതിയ മേഘംപോലെ ശ്യാമവർണ്ണനും) ആയിട്ടാണ് ചിത്രീകരിക്കുന്നതു്. ബുദ്ധൻ മുണ്ഡിതശിരസ്കനും മഞ്ഞവസ്ത്രം ധരിച്ചവനും വെള്ളയും മഞ്ഞയും ചേർന്ന നിറമുള്ളവനുമാണ്. ഇതിൽനിന്ന് ബുദ്ധനും ശാസ്താവും രണ്ടാണെന്നു സ്പഷ്ടം. എന്നാൽ ആര്യൻ (അയ്യൻ), ശാസ്താവ് എന്നീ ബുദ്ധനാമങ്ങളും ആയിരുന്നിരിക്കയില്ല മൂലനാമം. ഇണ്ടിളയപ്പൻ, വേട്ടയ്ക്കൊരുമകൻ മുതലായ ഭാഷാനാമങ്ങളായിരിക്കണം മൂലനാമം. ശാസ്താവ്, അയ്യൻ മുതലായവ ആ ദേവനെ ഉപാസിച്ചിരുന്നവർ ബുദ്ധമതത്തിൽ ചേ

ന്നശേഷം ഉണ്ടായതായിരിക്കണം. അവർ പിന്നീട് ഹിന്ദുമതത്തിലേക്ക് തിരിച്ചുവന്നപ്പോൾ ആ ക്ഷേത്രങ്ങളെല്ലാം ഹിന്ദുക്ഷേത്രങ്ങളായി. ഇതുപോലെതന്നെ പല സുബ്രഹ്മണ്യക്ഷേത്രങ്ങളും ഒരു കാലത്തു ബുദ്ധമതക്ഷേത്രങ്ങളായിരുന്നതായി തെളിവുണ്ട്. ഇങ്ങനെ കേരളം ബുദ്ധമതത്തിന്റെ ഉൽകൃഷ്ടഭാവങ്ങളെ സ്വീകരിച്ചിട്ടുണ്ട്.

നാഗരുകോവിൽ മുതലായ ക്ഷേത്രങ്ങൾ ജൈനന്മാരുടേതായിരുന്നെന്നും അവ ജൈനന്മാർ ഹിന്ദുക്കളാക്കപ്പെട്ടപ്പോൾ ഹിന്ദുക്ഷേത്രങ്ങളായതാണെന്നും ചരിത്രകാരന്മാർ പറയുന്നു. ക്രിസ്തുശിഷ്യനായ സെൻറ് തോമസുതന്നെ കേരളത്തിൽ വന്നെന്നും അന്നുമുതൽ ഇവിടെ ക്രിസ്ത്യാനികളുണ്ടായെന്നും ഉയർന്ന സമുദായക്കാരിൽതന്നെ ചിലർ ക്രിസ്തുമതം സ്വീകരിച്ചെന്നും ഐതിഹ്യമുണ്ട്. എന്നാൽ അതു ക്രിസ്തുശിഷ്യൻ തോമസ്സല്ലെന്നും വേറൊരു തോമസ്സാണെന്നും ചിലർക്കഭിപ്രായമുണ്ട്. ഏതായാലും ഇൻഡ്യയിൽ മററ് ഏതുഭാഗത്തും ക്രിസ്തുമതം എത്തുന്നതിനുമുമ്പ് കേരളത്തിൽ ക്രിസ്തുമതം വന്നെന്നും ഏതുകാരണവശാലെങ്കിലും കേരളീയർ അതിനെ സ്വാഗതം ചെയ്തെന്നും തീർച്ചയാണ്. ക്രിസ്ത്യാനികളാൽ മർദ്ദിക്കപ്പെട്ട് ഇൻഡ്യയെ അഭയംപ്രാപിച്ച യഹൂദന്മാർക്കും കേരളം അഭയംനൽകി. ഇസ്ലാമതം ഉണ്ടായി അധികം കഴിയുന്നതിനുമുമ്പുതന്നെ അതിന്റെ അനുഗാമികൾ കേരളത്തിൽ വരികയും അവരെ കേരളീയർ സ്വാഗതംചെയ്യുകയും അവരുടെ മതം വളരുന്നതിന് അവിടെ സൌകര്യംകൊടുക്കുകയും ഉണ്ടായിട്ടുണ്ട്. വിദേശ

ത്തിലെ കമനീയങ്ങളായ പരക്കകളുമായിവന്ന ആദ്യത്തെ പാടിഞ്ഞാറൻ കച്ചവടക്കാരായ പോർട്ടുഗീസുകാരെ സ്വീകരിച്ചതും കേരളമാണ്. ശ്രീ ചൈതന്യദേവനും കേരളം സന്ദർശിച്ചിട്ടുണ്ട്. നവീനപ്രസ്ഥാനങ്ങളായ ബ്രഹ്മസമാജത്തിനും ആര്യസമാജത്തിനും തിയോസഫിക്കും കേരളം അനുഗാമികളെ ദാനംചെയ്തിട്ടുണ്ട്. രാമകൃഷ്ണ മിഷനിലുള്ള സന്യാസിമാരിൽ ബംഗാളികൾ കഴിഞ്ഞാൽ ഏറ്റവും അധികമുള്ളതു മലയാളികളാണ്. ഫ്രാൻസ്, ഇംഗ്ലണ്ട്, ഇൻഡ്യ എന്നീ മൂന്നു സാമ്രാജ്യങ്ങളുടെ തലസ്ഥാനം പിടിച്ചടക്കിയവരാണ് മലയാളത്തുജനിച്ച രാമകൃഷ്ണമിഷൻ സന്യാസിമാർ എന്നു ഞാൻ പറയാറുണ്ട്. ഈ മൂന്നുതലസ്ഥാനത്തുംഉള്ള രാമകൃഷ്ണമിഷൻ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ മലയാളികളാണ്. ഇതിനുപുറമെ മീമാംസാചാര്യനായ പ്രഭാകരൻ, അദ്വൈതസ്ഥാപകനായ ശ്രീ ശങ്കരൻ, പരമഭക്തനും മഹാപണ്ഡിതനും സർവ്വശാസ്ത്രപാരംഗതനുമായ മേല്പത്തൂർ ഭട്ടതിരി, തുടങ്ങി അഖിലലോകാദരാർഹരായ മഹാചാര്യന്മാരെ ഭാരതത്തിനു കേരളം നൽകിയിട്ടുണ്ട്. ആധുനികകാലത്ത് ആദ്ധ്യാത്മികരംഗത്ത് മഹാപണ്ഡിതനും യോഗിയുമായിരുന്ന ശ്രീ ചട്ടമ്പി സ്വാമികളേയും തീണ്ടലും തൊടീലുംകണ്ട് വിവേകാനന്ദസ്വാമികൾ ഭ്രാന്താലയമെന്നുവിളിച്ച മലയാളത്തെ അതിൽനിന്നു മോചിപ്പിക്കുന്നതിൽ മുന്നിട്ടുനിന്ന് പ്രവർത്തിക്കാൻ കരുത്തുള്ള ഒരു സംഘടനയ്ക്ക് വഴിതെളിക്കയും വേണ്ട ഉപദേശങ്ങൾ നൽകുകയുംചെയ്ത് അതിനെ പുഷ്ടിപ്പെടുത്തിയ പണ്ഡിതനും കവിയും സമുദായപരിഷ്കർത്താവും യോ

ഗിയുമായ ശ്രീ നാരായണഗുരുസ്വാമികൾ എന്നിവരെ കേരളം സംഭാവനചെയ്തിട്ടുണ്ട്. ഇതിനുപുറമെ തച്ചശാസ്ത്രം, വൈദ്യം, ജ്യോതിഷം, സാഹിത്യം, ചിത്രമെഴുത്ത്, കൊത്തുവേല എന്നിവയിലെല്ലാം കേരളത്തിന്റെ സംഭാവന അസാധാരണമാണ്. ഒന്നിനും കേരളം പുറകിലല്ല. രാഷ്ട്രീയരംഗത്തു ഇന്നു പ്രവർത്തിക്കുന്ന കേരളീയമഹാന്മാരെ നിങ്ങൾക്കറിയാം. അവരെപ്പററി ഞാൻ പ്രത്യേകം പറയുന്നില്ല. ഏതുകാര്യത്തിലും കേരളം ഒരു ഉന്നതസ്ഥാനം കൈക്കലാക്കിയിട്ടുണ്ട്.

എന്നാൽ അങ്ങിനെയുള്ള കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? അതുനോക്കി വേണമല്ലൊ ഭാവി നിശ്ചയിക്കാൻ. ശ്രീ വിവേകാനന്ദസ്വാമികളുടെ കാലത്തു് തീണ്ടൽ, തൊടീൽനിമിത്തം കേരളം ഒരു ഭ്രാന്താലയമായിരുന്നെങ്കിൽ ഇന്ന് അതു ഒരു മഹാഭ്രാന്താലയമായി മാറിയിരിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. മുൻകാലത്തു് തീണ്ടലും തൊടീലുമുണ്ടായിരുന്നെങ്കിലും അതു് ആരോടുമുള്ള വിദ്വേഷംകൊണ്ടല്ല ആചരിക്കപ്പെട്ടിരുന്നതെന്ന് ഏററവും യഥാസ്ഥിതികവും തീണ്ടലും തൊടീലും കൃത്യമായി ആചരിക്കപ്പെട്ടിരുന്നതുമായ ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന് അഹിംസയാണ് പരമധർമ്മമെന്നു കുട്ടിക്കാലംമുതൽ പഠിപ്പിക്കപ്പെട്ടു് ഓർമ്മയായ കാലംമുതൽ പാവങ്ങളോട് ദയകാണിക്കുണമെന്നുപദേശിക്കപ്പെട്ടു് അതു എത്രയും ചെറുപ്പം മുതൽ പരിശീലിച്ചുവന്നിട്ടുള്ള എനിക്കറിയാം. അന്ന് ഏതായാലും അടുത്തവീട്ടിൽ ഒരു പുലയനോ പറയനോ

നായാടിയോ പട്ടിണികിടക്കുന്നുവെന്നു കേട്ടാൽ ഏററവും യാഥാസ്ഥിതികനായ നമ്പൂതിരിയുടെ കണ്ണിലും കണ്ണുനീരു നിറയുമായിരുന്നു. ഉണ്ണാനും ഉടുക്കാനുമില്ലാത്തവർക്ക, യഥാശക്തി, ജാതിയോ മതമോ നോക്കാതെ ദാനം ചെയ്യുന്നതു് പുണ്യമോ സ്വധർമ്മമോ ആയി എന്നു് എല്ലാവരും കരുതിയിരുന്നു. എന്നാൽ ഇന്നു മട്ടുമാറിയിരിക്കുന്നു. ജാതിമതചിന്തകളാണു് ഇന്നു കേരളത്തെ നയിക്കുന്നതു്. വാലുമുറിക്കലും കാലുമുറിക്കലും 'ഒരു ജാതി ഒരു മത'പ്രസംഗവും എല്ലാം നടക്കുന്നുണ്ടു്. ആർക്കും എവിടെയും പോയി എന്തും തിന്നാമെന്നുള്ള ബുദ്ധിയും വന്നിട്ടുണ്ടു്. എന്നാൽ ഇന്നു കേരളത്തിൽ ജാതിമതചിന്ത വളരെ ശക്തിയായി സംഘടിത രൂപത്തിൽ നടമാടുന്നു. ഒരുവൻ അസഹായനായി റോഡിൽ പട്ടിണികൊണ്ടോ മഹാരോഗംബാധിച്ചോ കിടന്നുമരിക്കുന്നുവെന്നു കേട്ടാൽ, "അയാളുടെ ജാതിയെന്താണു്? മതമെന്താണു്?" എന്നു നോക്കി അയാളെ സഹായിക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്ന ഘട്ടം വന്നെത്തിയിരിക്കുന്നു. നമ്പൂരിമാർ ഒരു കാലത്തു വലിയ യാഥാസ്ഥിതികരായിരുന്നു. ഇന്നു് അവർ രണ്ടുതരക്കാരായി തിരിഞ്ഞിരിക്കുന്നു. ഒന്നു് ആനയും കഥകളിയും സദ്യയും ഉത്സവവും ചതുരംഗക്കളിയുമായി പേരിനു സന്ധ്യാവന്ദനവും കഴിച്ചു ബാക്കി സമയം വിനോദിച്ചുകഴിയുന്നവർ. മറെറാന്നു് വേദാദ്ധ്യയനവും സന്ധ്യാവന്ദനവും മററു മതാനുഷ്ഠാനങ്ങളുമാണു തങ്ങളുടെ അധഃപതനകാരണമെന്നു വിചാരിച്ചുകൊണ്ടു്, മതത്തെ അവഹേളിച്ചുകൊണ്ടു്, അതേ സമയത്തു് സമുദായങ്ങളുടെ കൂട്ടത്തിൽ മുന്നണിയിൽ

നിൽക്കാൻ ആഗ്രഹിച്ചുകൊണ്ട്, കമ്മ്യൂണിസം (അതു മതത്തിന്റെ ശത്രുവാണെന്നും അതുപറഞ്ഞാൽ ഇക്കാലത്തു വളരെയാളുകളെ നേതൃത്വം നൽകാമെന്നും കരുതി) പ്രസംഗിച്ചുകൊണ്ടും എങ്ങനെയായാൽ പണമുണ്ടാക്കാമെന്നു ചിന്തിച്ചുകൊണ്ടും നടക്കുന്നവർ "ധർമ്മസംസ്ഥാപകനും ലോകാരാദ്ധ്യനും ആയ ശ്രീ ശങ്കരൻ ജനിച്ച സമുദായത്തിൽ പിറന്ന നിങ്ങളും ഇങ്ങനെ മതത്തിന്നെതിരായി പ്രസംഗിക്കുന്നതെന്തു്?" എന്നു ഞാൻ ചില ഉണ്ണിനമ്പൂരിമാരോടു ഒരിക്കൽ ചോദിച്ചപ്പോൾ അവർ പറഞ്ഞമറുപടി, "അന്നു മതം ഉപദേശിച്ചതുകൊണ്ടു് ശങ്കരൻ ബഹുജനാരാദ്ധ്യനും നേതാവും ആയി. ഇന്നു് ഇതാണു് അതിനുള്ള വഴി" എന്നാണു്. നമ്പൂതിരിമാരുടെ സമ്പർക്കംകൊണ്ടു് പല ഗുണങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും പിന്നീടു അധഃപതിച്ച നമ്പൂതിരിയുടെ രക്തം കലരുകനിമിത്തം അലസന്മാരായി പരസ്പരം യോജിപ്പില്ലാതെ ജീവിതത്തിൽ ലക്ഷ്യമില്ലാതെകഴിയുന്ന നായന്മാർ ആണു് പിന്നൊന്നു്. അവർക്കൊരു സംഘടനയുണ്ടു്. അതിനു യോഗ്യരും നിസ്സ്വാർത്ഥികളും സമുദായോന്നമനകാംക്ഷികളുമായ ചില നേതാക്കന്മാരുമുണ്ടു്. അതിന്റെ വകയായി കുറെ സ്ഥാപനങ്ങളുമുണ്ടു്. അവരും അവയും ആ സമുദായത്തിന്റെ ഐശ്വര്യം നോക്കുന്നതിൽ ബദ്ധശ്രദ്ധരുമാണു്. എങ്കിലും അതിന്റെയെല്ലാം ഫലം ഉദ്ദേശിക്കുന്നേടത്തോളം ചെന്നുപററുന്നുവോ എന്നു സംശയമാണു്. എങ്കിലും നായന്മാരുടെകാര്യം അന്വേഷിക്കാൻ ആളുണ്ടു്. അതുപോലെ ഈഴവരുടെ കാര്യം നോക്കാൻ എസ്സ്. എൻ. ഡി. പി. യുണ്ടു്. എന്നാൽ

ഈ രണ്ടു സംഘടനകൾക്കു പുറത്തുള്ള ഹിന്ദുക്കളുടെ കാൎയ്യം നോക്കാൻ ശരിയായ ആളില്ല. വലിയ ജനസംഖ്യയുള്ള പുലയർ, പറയർ മുതലായവൎക്കു് ചില നേതാക്കന്മാരുണ്ടു്. അവർ സമുദായത്തിൽ പല സംഘടനകളുണ്ടാക്കി പലതായി പിരിച്ചു ഭരിച്ചുവരുന്നു. അവർ ചില സ്ഥലത്തു് ചിലതെല്ലാം ചെയ്യുന്നുണ്ടു്. അവരുടെ സമുദായകാൎയ്യം ചിലതെല്ലാം ഗവണ്മെന്റു മുഖേനയും ചിലപ്പോൾ സാധിക്കാറുണ്ടു്. എങ്കിലും അതു മതിയാകുന്നില്ല. അവൎക്കു കയറിക്കിടക്കാൻ വേണ്ട സ്ഥലമില്ല. ഭക്ഷണത്തിനു വകയുണ്ടാക്കിക്കൊടുക്കാൻ ആരും ശ്രദ്ധിക്കുന്നില്ല. അവരെ മററുള്ളവർ മൎദ്ദിച്ചാൽ ചോദിക്കാൻ ആളില്ല. കേസുകൊടുക്കാൻ അവൎക്കു പണമില്ല. വക്കീലാരു്? ജഡ്ജിയാരു്? മജിസ്ട്രേട്ടാരു്? മജിസ്ട്രേട്ടുകോടതിയെന്നാലെന്തു്? അവിടെ ചെന്നാൽ പറയേണ്ടതെന്തു്? എന്നും അവൎക്കറിഞ്ഞുകൂടാ. പോലീസുകാർ മിക്കപ്പോഴും പണക്കാരുടെ ഭാഗത്തായിരിക്കും. അല്ലെങ്കിൽതന്നെയും പോലീസിൻസ്പെക്ടരുടെ കണ്ണുകാണുമ്പോഴേക്കു് അവർ ഭയന്നു് ഓടും. അവരെ സഹായിക്കാൻ ആളില്ല. അവർ പൊതുവെ നാൾതോറും താഴോട്ടുതാഴോട്ടുപോകുന്നു. ഒരു കാലത്തു് തിരുവിതാംകൂറിൽ ഹിന്ദുമിഷനെന്നൊന്നുണ്ടായിരുന്നു. ഇന്നു് അതു മിക്കവാറും നിൎജ്ജീവമായിത്തീൎന്നിരിക്കുന്നു.

എന്നാൽ ഇവരേക്കാൾ ദയനീയസ്ഥിതി അനുഭവിക്കുന്ന ഒരു ജനവിഭാഗമുണ്ടു്. ജനസംഖ്യയിൽ ന്യൂനപക്ഷമുള്ള അവശസമുദായങ്ങളാണവ. അവൎക്കു നേതാ

ക്കന്മാരില്ല; സംഘടനയില്ല. ആശാരിമാർ, കൊല്ല ന്മാർ, തട്ടാന്മാർ, വാളന്മാർ, കണിയാന്മാർ, കാക്കാല ന്മാർ, കുറവർ, പുള്ളവർ, പാണർ മുതലായവരാണ വർ. ഇവരെ സഹായിക്കാൻ ഗവമ്മെന്റുമില്ല. അ വർക്കു സംഘടിക്കാൻ സാദ്ധ്യവുമല്ല. ഒരു താലൂക്കിൽ ചില സമുദായക്കാർ എട്ടും പത്തും വീട്ടുകാർ മാത്രമാ ണു്. ഒരിക്കൽ ഞാൻ ഒരു അഖിലകേരളപാണർമ ഹാസഭയുടെ വാർഷികയോഗത്തിനു് അദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ടു. അഞ്ചോ ആറോ പാണന്മാരാണു് അന്നു് അവിടെയുണ്ടായിരുന്നതു്! അതു് അവരുടെ കു റമല്ല. അവരിൽ ഭൂരിപക്ഷം പേർക്കു് എഴുത്തറിഞ്ഞു കൂടാ; ഭൂമിശാസ്ത്രമറിഞ്ഞുകൂടാ; സംഘടനയെന്നാലെന്തെ ന്നറിഞ്ഞുകൂടാ; സംഘടനയുടെ ഗുണം അറിഞ്ഞുകൂടാ; ഇതെല്ലാം അറിഞ്ഞാലും ഒരു കരയിൽ ഉണ്ടാകാവുന്ന രണ്ടോ മൂന്നോ വീട്ടുകാർ സംഘടിച്ചെന്തുചെയ്യാനാണു്? ഒരു താലൂക്കുമുഴുവൻ ഉള്ള പത്തോ പതിനഞ്ചോ വീ ട്ടുകാർക്കു് എന്തുചെയ്യാൻ കഴിയും? അവരുടെ കാര്യം പറയാൻ നിയമസഭയിൽ അവർക്കൊരു പ്രതിനിധിയെ കിട്ടുകയോ? ആരു് അവരെ നോക്കും? അവരുടെ വീടി നു തീ വെച്ചാൽ അവർക്കു് ഒരു സാക്ഷിയെപ്പോലും കി ട്ടുകയില്ല. കേസുകൊടുത്താൽതന്നെ പണമുള്ളവൻ ന ല്ല വക്കീലിനു വക്കാലത്തു കൊടുത്തു ജയിക്കും. ആരുടെ പേരിൽ കേസുകൊടുക്കണമോ അയാളുടെ സമുദായ ക്കാർക്കു പണവും സംഖ്യാബലവും ഉണ്ടെങ്കിൽ പിന്നെ അയാളുടേയും വീട്ടിൽ ബാക്കിയുള്ളവരുടേയും കഥ ക ഴിഞ്ഞു!

ക്രിസ്ത്യാനികൾ അവരുടെ പല ചർച്ചുകളുടെ കീഴിൽ പ്രത്യേകം പ്രത്യേകമായി സംഘടിച്ചിരിക്കയാണ്. അവരിൽ ചില വ്യക്തികൾ ഹിന്ദുക്കളിൽ ചിലരോടു ഓരോ കാര്യം സംബന്ധിച്ചു സ്നേഹമായ പെരുമാറുന്നുണ്ടെങ്കിലും ചർച്ചുകളെല്ലാംതന്നെ ഹിന്ദുക്കളെ പുറജാതിക്കാരായിട്ടാണു കരുതുന്നതു്. ചർച്ചുകളുടെ അഭിപ്രായത്തിൽ ഇന്നും ഹിന്ദുക്കൾ മുക്തിയ്ക്കും ഈശ്വരസാമ്രാജ്യാനുഭൂതിയ്ക്കും അവകാശികളല്ല. * ഇതിൽ ഞാൻ അവരെ കുററം പറയുന്നില്ല. ഈശ്വരനു ഭാര്യയും മക്കളും ഉണ്ടെന്നും ഈശ്വരന്മാർ പലതുണ്ടെന്നും അവർ തമ്മിൽ കലഹിക്കുമെന്നുമാണു് ഹിന്ദുമതസിദ്ധാന്തമെന്നു ഹിന്ദുക്കൾതന്നെ മനസ്സിലാക്കിവെക്കയും പ്രചരിപ്പിക്കയും ചെയ്യുമ്പോൾ അങ്ങിനെ പഠിപ്പിക്കുന്ന മതം സത്യമതമല്ലെന്നു് അവർ പറയുന്നതിൽ ഞാൻ അവരെ കുററപ്പെടുത്തുന്നില്ല. മുസൽമാന്മാരുടെ നിലയും ഇതുതന്നെ. ഇങ്ങിനെ നമ്പൂരിമാരും നായന്മാരും ഈഴവരും അവശസമുദായങ്ങളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിൽ ഒരു ഐക്യമില്ലാതിരിക്കെ കേരളത്തിൻെറ ഭാവി എന്തായിരിക്കുമെന്നു് ആലോചിച്ചുനോക്കുക. ഇതിനു പുറമെയാണു് തമിഴനാട്ടുവാദം. തിരുവിതാംകൂറിലെ തെക്കൻ താലൂക്കുകാർ തങ്ങൾ മലയാളികളല്ലെന്നും തമിഴന്മാരാണെന്നും അതിനാൽ അവരെ

* മധുര ആർച്ചുബിഷപ്പിൻെറ അംഗീകാരത്തോടുകൂടി "ദ്രാവിഡ ഇയക്കങ്ങളും കത്തോലിക്കരും" എന്ന പേരിൽ അടുത്തകാലത്തു പ്രസിദ്ധപ്പെടുത്തിയ ലഘുലേഖതന്നെയും നോക്കുക.

കേരളീയരായി കണക്കാക്കാൻ പാടില്ലെന്നും അവർ വാദിക്കുന്നു. ഈ കലഹത്തിനിടക്കുണ്ടാകുന്ന ഏകകേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? ശ്രുചീന്ദ്രവും കന്യാകുമാരിയുമില്ലാത്ത കേരളം എന്തു കേരളമാണ്?

ഈ കുഴപ്പത്തിനെല്ലാം കാരണം കേരളീയരുടെ ഗുരുനിന്ദയാണെന്നു വിശ്വസിക്കുന്നവനാണു ഞാൻ. ധർമ്മസംസ്ഥാപനാർത്ഥം അഖിലേശ്വരൻ ജഗദ്ഗുരുവായി കേരളത്തിൽ അവതരിച്ചു. നാം അദ്ദേഹത്തെ ബഹുമാനിച്ചില്ലെന്നുമാത്രമല്ല; അദ്ദേഹത്തെ നിന്ദിക്കയും ഉപദ്രവിക്കയുംകൂടി ചെയ്തു. അദ്ദേഹത്തിന്റെ അമ്മ മരിച്ചിട്ടു സംസ്കരിക്കാൻകൂടി നാം സഹായിച്ചില്ല. അദ്ദേഹം ധർമ്മസംസ്ഥാപനത്തിനെഴുതിയ ഗ്രന്ഥം സ്വാർത്ഥതനിമിത്തം നമ്പൂരിമാർ ചുട്ടു. നായന്മാർ ആ നമ്പൂരിമാർക്കു കൂട്ടുനിന്നു. അതിന്റെ ശിക്ഷയാണു് ഇന്നു കേരളം അനുഭവിക്കുന്നതു്. ഗുരുനിന്ദയുടെ ഫലം അനുഭവിക്കാതെ പോകയില്ല. അതുയുമല്ല, ആ ജഗദ്ഗുരുവിന്റെ പേരിൽ ഒരു കള്ളപ്പുസ്തകം എഴുതിയുണ്ടാക്കയും ചെയ്തു. അതിന്റെപേരു് ശാങ്കരസ്മൃതിയെന്നാണു്. തീണ്ടലിനും തൊടീലിനും പ്രമാണം അതാണു്. വൈക്കം സത്യാഗ്രഹകാലത്തു് മഹാത്മജി അവിടെ ചെന്നപ്പോൾ ശ്രീശങ്കരമതത്തിനെതിരാണു് ക്ഷേത്രപ്രവേശം എന്നു വാദിക്കാൻവേണ്ടി ആ പുസ്തകം മഹാത്മജിയ്ക്കു് അന്നത്തെ യാഥാസ്ഥിതികനേതാക്കന്മാർ സമർപ്പിച്ചകഥ നിങ്ങളിൽ ചിലരും കേട്ടിരിക്കാം. ആ പുസ്തകം മലയാളമായതുകൊണ്ടു് അതു ശ്രീ കേളപ്പ

ന്നെ മഹാത്മജി ഏൽപ്പിച്ചിട്ട് "ഇതു സംസ്കൃതാക്ഷരത്തിൽ പകർത്തിച്ചു മാളവ്യജിയ്ക്കയക്കയോ അല്ലെങ്കിൽ ഇവിടെ നിഷ്പക്ഷമായി നോക്കുന്ന ആരെക്കൊണ്ടെങ്കിലും നോക്കിച്ച് അഭിപ്രായം അറിയിക്കയോ ചെയ്യുക" എന്നു പറഞ്ഞു. ആ പുസ്തകം നിരൂപണം ചെയ്യാൻ ആയിടെ അവിടെ ശ്രീ കേളപ്പന്റെ ക്ഷണനം അനുസരിച്ച് ചില മതപ്രസംഗങ്ങൾക്കുവേണ്ടി—മതം ക്ഷേത്രപ്രവേശനത്തിനെതിരല്ലെന്നു തെളിയിക്കാൻവേണ്ടി പോയിരുന്ന-എന്നെ ഏൽപ്പിച്ചു. അതു വായിച്ചപ്പോഴാണ് അതിൽ ക്ലിഷ്ടപ്രയോഗങ്ങളും വ്യാകരണവൈകല്യങ്ങളും ഉണ്ടെന്നു ഞാൻ കണ്ടത്. സർവ്വജ്ഞനും മഹാകവിയുമായ ശ്രീ ശങ്കരൻ ഒരിയ്ക്കലും തെറ്റെഴുതുകയില്ല. അതു ചെങ്ങന്നൂക്കാരൻ ഒരു ശങ്കരൻ പോററിയെഴുതിയതാണെന്നുള്ളതിനു ചില തെളിവുകൾ കിട്ടിയിട്ടുണ്ടെന്നു പണ്ഡിതനായ ശ്രീ കോളത്തേരി ശങ്കരമേനോൻ എന്നോടു പറഞ്ഞിട്ടുണ്ട്. അതു് എങ്ങിനെയായാലും ശ്രീ ശങ്കരനല്ല അതിന്റെ കർത്താവെന്ന് വയ്ക്കം സത്യാഗ്രഹകാലത്തുതന്നെ ഞാൻ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെയുള്ള കുഴപ്പങ്ങളെല്ലാം ഉണ്ടാക്കിയതിന്റെ ഫലമാണ് കേരളം ഇങ്ങനെയായത്.

കേരളത്തിലെ കുഴപ്പങ്ങൾക്ക് ഏകപരിഹാരം ഞാൻ കാണുന്നത് അവിടെ ശ്രീശങ്കരന്റെമതം പ്രചരിപ്പിക്കയാണ്. ആ മതത്തിന്റെ പേര് വേദാന്തമെന്നാണ്. അതുതന്നെയാണ് സ്വാമി വിവേകാനന്ദനും പില്ക്കാലം

പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിച്ചിട്ടുള്ളതു്. ഇന്നു നമ്മുടെ രാജ്യത്തുകാരാണന്ന, അല്ല ലോകംമുഴവൻ കാണുന്ന, സകല കുഴപ്പത്തിനും പരിഹാരം വേദാന്തം പ്രചരിപ്പിക്കയാണെന്നാണു് ഞങ്ങറം പറയുന്നതു്. സ്വാമി വിവേകാനന്ദൻ ഇൻഡ്യയിലെ രാഷ്ട്രീയപരിഷ്ക്കത്താക്കളേയും സമുദായപരിഷ്ക്കത്താക്കളേയും നോക്കിപ്പറഞ്ഞതു് "നിങ്ങളെല്ലാം ശാഖാപരിഷ്ക്കത്താക്കളാണു്. ഞാൻ അടിമുതൽ മുടിവരെ പരിഷ്ക്കരിക്കുന്ന വനാണു്-Root and branch reformer" എന്നാണു്. വേദാന്തമെന്നാൽ ആക്കും മനസ്സിലാകാത്ത ചില ശബ്ദങ്ങളുടെ കൂട്ടമല്ല. അതു മതത്തിൻെറ സയിൻസാണു്. ലോകത്തെ സകല വഴക്കിൻേറയും ചുവടു് സ്വാതന്ത്ര്യമാണു്. വേദാന്തം നമ്മോടുപറയുന്നതു് സ്വാതന്ത്ര്യത്തെ ഉപേക്ഷിക്കാനാണു്. അത്രയുമല്ല അതു സ്വാതന്ത്ര്യത്തെ ഇല്ലാതാക്കാനുള്ള വഴിയും നമ്മെ പഠിപ്പിക്കുന്നു. ജാതിവഴക്കിൻേറയും രാഷ്ട്രീയകലഹത്തിൻേറയും എല്ലാം ചുവടു് സ്വാതന്ത്ര്യമാണു്. മനുഷ്യനിൽ രണ്ടംശമുണ്ടു്:- സ്വാതന്ത്ര്യവും നിഃസ്വാതന്ത്ര്യവും. സ്വാർത്ഥാംശം ആസുരമാണു്; മൃഗീയമാണു്. നിസ്സ്വാർത്ഥാംശം ദൈവികമാണു്. ഇതിൽ സ്വാർത്ഥതാംശത്തെ സമൂലം നശിപ്പിച്ചു് നമ്മെ സമ്പൂർണ്ണം നിസ്സ്വാത്ഥരാക്കിത്തീക്കുന്നതിനുള്ള വിദ്യ വേദാന്തം പഠിപ്പിക്കുന്നു.

"മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്" എന്നു് ഏതോ ഒരു സായ്പു പറഞ്ഞതു് നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർ ഏററുപാടുന്നുണ്ടു്. ഇതു മതമെന്നാൽ എ

താണെന്നറിയാത്തതുകൊണ്ടാണ്. മതം ചില പുരോഹിതന്മാർ സ്വസ്ഥമായി പണിയെടുക്കാതിരുന്ന സുഖമായി ഊണു കഴിക്കാനുണ്ടാക്കിയ ഒരു കണ്ടുപിടുത്തമാണെന്ന് അവരെ ആരോ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അതല്ല മതം. മതത്തിന്റെ-ആത്മശാസ്ത്രത്തിന്റെ ഉൽപത്തി അങ്ങനെയല്ല. ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൌതികം എന്നീ മൂന്നുവിധ ദുഃഖങ്ങളിൽ നിന്നു സമ്പൂർണ്ണം വിമുക്തനായി മനുഷ്യന്ന് എങ്ങനെ നിത്യാനന്ദിയായിരിക്കാൻ കഴിയുമെന്നു പഠിപ്പിക്കുന്നതാണ് മതം. അതിന്റെ ചുവടു ത്യാഗമാണ്; തപസ്സാണ്. ഭോഗികളിൽനിന്നല്ല ഒരിക്കലും ഒരു മതവും ഉണ്ടായിട്ടുള്ളത്; ത്യാഗികളിൽ നിന്നാണ്. "ത്യാഗേനൈകേ അമൃതത്വമാനശുഃ" എന്നാണ് അതിന്റെ മുദ്രാവാക്യം. കർമ്മം, എല്ലാം സമ്പൂർണ്ണം ത്യജിയ്ക്കാൻ കഴിയാത്തവരെ ത്യാഗം പഠിപ്പിക്കാനുള്ള ഉപാധിയാണ്.

ആരും ഒന്നും ത്യജിക്കാൻ തയ്യാറില്ല. അതാണു കുഴപ്പം അന്താരാഷ്ട്രീയപ്രശ്നവും രാഷ്ട്രീയപ്രശ്നവും സാമുദായികപ്രശ്നവുമെല്ലാം അതിലിരിക്കുന്നു. മതം നമുക്ക് എന്തുതരുമെന്നുള്ള ചോദ്യത്തിന് മതം നമുക്ക് എല്ലാം തരുമെന്നും മതം തരാത്തതൊന്നുമില്ലെന്നുമാണ് എന്റെ ഉത്തരം

"ധർമ്മോ രക്ഷതി രക്ഷിതഃ"
"യതോ ധർമ്മസ്തതോ ജയഃ"
"ധർമ്മാദർത്ഥശ്ച കാമശ്ച"

ധർമ്മം(മതം)നമുക്ക് രക്ഷ തരുന്നു; ജയം തരുന്നു;

ധനം തരുന്നു; സുഖം തരുന്നു; നിത്യസുഖം തരുന്നു; ഏതിനുവേണ്ടിയാണോ സകല മനുഷ്യരും സകല കർമ്മങ്ങളും ചെയ്തു കഷ്ടപ്പെടുന്നതു് ആ നിത്യസുഖം തരുന്നു. ഒരർത്ഥത്തിൽ മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു് എന്നു പറയുന്നതു് ശരിയാണു്. കറുപ്പു് എങ്ങനെ ശരീരത്തിലെ വേദന മറപ്പിച്ചു് നമ്മെ സുഖലോകത്തിൽ സഞ്ചരിപ്പിക്കുമോ അതുപോലെ നമ്മെ ചുററുമുള്ള എല്ലാ ദുഃഖങ്ങളിൽനിന്നും-ആ ദുഃഖകാരണങ്ങൾ ഇരുന്നാൽ പോലും-കരകയററി ആനന്ദത്തിൽ ആറാടിക്കുന്നു. അതുകൊണ്ടാണു് ശ്രീശങ്കരൻ,

"ദിശന്തീ സംസാരഭ്രമണപരി
താപോപശമനം
വിശന്തി മച്ചേതോഹ്രദഭുവി
ശിവാനന്ദലഹരീ"

എന്നു പാടിയതു്. ആനന്ദലഹരി, സൌന്ദര്യലഹരി, ശിവാനന്ദലഹരി മുതലായ ശബ്ദങ്ങൾ ശ്രീ ശങ്കരൻ തന്നെ പ്രയോഗിച്ചിട്ടുണ്ടു്.

യല്ലബ്ധ്വാ പുമാൻ മത്തോ ഭവതി- ഇതുകിട്ടിയാൽ മനുഷ്യൻ മദിച്ചവനായിത്തീരുന്നുവെന്നു നാരദമഹർഷിയും പറയുന്നു ഭക്തിവന്നാൽ മനുഷ്യൻ ഭ്രാന്തനേപ്പോലെയാകുമെന്നു്.

"വാഗ്ഗദ്ഗദാ ദ്രവതേ യസ്യ ചിത്തം
രുദത്യഭീക്ഷ്ണം ഹസതി ക്വചിച്ച

വിലജ്ജ ഉദ്ഗായതി നൃത്യതേ ച
മദ്ഭക്തിയുക്തോ ഭുവനം പുനാതി"

എന്നുമുണ്ടു്. ഇടയ്ക്കിടയ്ക്കു് കരയും, ചിരിയ്ക്കും, നാണംകൂടാതെ ഉറച്ചുപാടും, നൃത്തംചെയ്യും ഭക്തൻ എന്നും ഭാഗവതത്തിലുണ്ടു്. അതുകൊണ്ടു് മതം കുറച്ചു ശരിയ്ക്കനുഭവിച്ചാൽ അതു മനുഷ്യനെ മത്തുപിടിപ്പിക്കുമെന്നു പറയുന്നതിൽ തെററില്ല.

മതം, മതമാണു് ഇന്നത്തെ ആവശ്യം—യഥാർത്ഥമതം.

"There never was a time in the world history when there was so much robbery and highhandedness, and tyranny of the strong over the weak, as at this latter end of the nineteenth centuary. Everybody should know that there is no salvation except through the conquering of the desires, and that no man is free who is subject to bondage of matter. This great truth all nations are slowly to understand and appreciate .......We Hindus have now been placed under God's providence in a very critical and responsible position. The nations of the west are coming to us for spiritual help. A great moral obligation rests on the sons of India's to fully equip themselves for the work of enlightening the world on the problems of

human existence" എന്നു ശ്രീ വിവേകാനന്ദ സ്വാമി പറയുന്നു. (Complete works Vol III P. 138–139)

"Europe, the centre of the manifestation of material energy, will crumble into dust within fifty years, if she is not mindful to change her position, to shift her ground and make spirituality the basis of her life. And what will save Europe is the religion of the upanishads" (S. V. Vol. III P. 159) ഈ ഉപനിഷന്മതമാണു് ശ്രീ ശങ്കരന്റെ മതം. ശ്രീ ശങ്കരൻ ഒരു പുതിയ മതത്തിന്റെ സ്രഷ്ടാവല്ല അദ്ദേഹത്തിന്റെ മുഖ്യഗ്രന്ഥങ്ങൾ ഉപനിഷത്തുകൾക്കും ഗീതയ്ക്കും ബ്രഹ്മസൂത്രത്തിനും ഉള്ള ഭാഷ്യങ്ങളാണു്. ബ്രഹ്മസൂത്രം ഒരു സ്വതന്ത്രഗ്രന്ഥമല്ല. ഉപനിഷത്തുകളുടെ ആശയത്തെ നിരൂപണം ചെയ്തു സമർത്ഥിക്കുക മാത്രമാണു് അതു ചെയ്യുന്നതു്.

മതം പുരോഹിതതന്ത്രമല്ല. അതു പടങ്ങളല്ല, കണ്ണുമൂടിയുള്ള ചില വിശ്വാസങ്ങളല്ല. അതു "മനുഷ്യനിൽ ഇപ്പോൾതന്നെ അന്തർല്ലീനമായിരിക്കുന്ന ആദ്ധ്യാത്മികതയുടെ പ്രകാശനമാണു" എന്നു് സ്വാമിജി പറയുന്നു. ശ്രീ ശങ്കരൻ പറയുന്നതു് "നാം ആരെന്നറിയുക" എന്നാണു്. 'ഞാൻ' എന്നതിനെ ആസ്പദമാക്കിയാണല്ലോ സകല വ്യവഹാരവും നടക്കുന്നതു്. "എന്റെ കുട, എന്റെ പുസ്തകം, എന്റെ വീടു്, എന്റെ ഭാര്യ, എന്റെ കുട്ടി, എന്റെ ജാതി, എന്റെ ദേശം, എന്റെ

രാജ്യം, എന്റെ മതം" ഇത്യാദി. ഈ ഞാനാര്? ഞാനിനെ അറിഞ്ഞിട്ടല്ലേ എന്റേത് ഏതെല്ലാമെന്നു നിശ്ചയിക്കേണ്ടതു്? എന്റേതായിട്ടാണല്ലോ ഞാൻ ഒന്നിനെ പ്രത്യേകമായി സ്നേഹിക്കുന്നതു്? ഈ ഞാനിനെ അറിയാതെ ആളുകൾ "ഇതു് എന്റേതു്", "ഇതു് അന്യന്റേതു്" എന്നു വഴക്കുപിടിക്കുന്നു. ഞാൻ എന്നതു ശരീരമാണെന്നു ധരിച്ചു വഴക്കുണ്ടാക്കുന്നു. ഞാൻ വാസ്തവത്തിൽ ശരീരമാണോ? ശരീരമായിരുന്നെങ്കിൽ ശരീരത്തിനുവരുന്ന വ്യാധിക്ഷയങ്ങൾ ഞാനിനെ ബാധിക്കുന്നില്ലല്ലോ. ശരീരത്തിന്റെ ഏതാനുംഭാഗം മുറിഞ്ഞുപോയാലും ഞാനിനു കുറവുവരുന്നില്ലല്ലോ. അങ്ങനെയുള്ള യുക്തിവിചാരത്താൽ ശരീരം ഞാനല്ലെന്നു കിട്ടുന്നു. യുക്തികൊണ്ടു മനസ്സും ഇന്ദ്രിയങ്ങളും ബുദ്ധിയും അസ്ഥിയും മജ്ജയും മാംസവും അവയുടെ സമൂഹവും ഞാനല്ലെന്നുകാണുന്നു. അപ്പോൾ ഞാനാര്? അതാണു ശങ്കരൻ നമ്മെ പഠിപ്പിക്കുന്നതു്. ഞാനിനെ അറിഞ്ഞാൽ സകല ദുഃഖങ്ങളും രാഗദ്വേഷങ്ങളും മരണഭയവും തീരും.

"ജ്ഞാത്വാ തം മൃത്യുമത്യേതി"

'ആത്മാവിനെ അറിഞ്ഞാൽ മരണത്തെ ജയിക്കാം.' ശങ്കരൻ ഒന്നാംതരം യുക്തിവാദിയാണു്. "Shankara was a prince among reasoners. There is hardly anything in the world's literature to surpass Sankara's rationalism" എന്നു മഹാത്മജി പ്രസ്താവിച്ചിട്ടുണ്ടു് (യങ്ങ്

ഇൻഡ്യ 14-10-1926.) 'ഞാൻ ആര്?' എന്ന ചിന്തിക്കുന്നവന് ഒരിക്കലും ജാതിബുദ്ധിയോ മതദ്വേഷമോ രാജ്യദ്വേഷമോ കക്ഷിവഴക്കോ ഉണ്ടാകയില്ല. ഞാൻ എന്ന വസ്തു ജാതിനീതികുലഗോത്രദൂരഗമാണെന്നു ശങ്കരൻ പറയുന്നു.

അതിനെ പ്രാപിക്കാനുള്ള ഉപായവും ജാത്യാദികളെ ഉപേക്ഷിക്കയാണെന്നദ്ദേഹം പറയുന്നു.

"ജാത്യാദീൻ സംപരിത്യജ്യ
നിമിത്തം കർമ്മണാം ബുധഃ
കർമ്മഹേതുവിരുദ്ധം യൽ
സ്വരൂപം ശാസ്ത്രതഃ സ്മരേൽ"

അറിവുള്ളവൻ കർമ്മനിമിത്തമായ ജാതിമുതലായവയെ ഉപേക്ഷിച്ചിട്ട് കർമ്മഹേതുവിരുദ്ധമായ സ്വരൂപത്തെ ശാസ്ത്രാനുസാരം ചിന്തിക്കണം (ഉപദേശസാഹസ്രിനാന്യമന്യൽ പ്രകരണം.) ശ്രീരാമകൃഷ്ണനും മോക്ഷത്തിനു താൻ ബ്രാഹ്മണനാണെന്നുള്ള ചിന്ത തടസ്സമായിനില്ക്കുന്നുവെന്നു കണ്ടു പറയന്റെ കക്കൂസു കഴുകി ജാത്യഹന്തകളഞ്ഞു അതുതന്നെയാണ് സ്വാമി വിവേകാനന്ദനും നമ്മെ പഠിപ്പിച്ചതു്. വേദാന്തം ജാതിവഴക്കു് നശിപ്പിക്കുന്നു.

വേദാന്തത്തിൽ മതവഴക്കിന്നും സ്ഥാനമില്ല. ശ്രീശങ്കരന്റെ പരമഗുരു ഗൌഡപാദർ പറയുന്നു:-

സ്വസിദ്ധാന്തവ്യവസ്ഥാസു

ദ്വൈതിനോ നിശ്ചിതാ ദൃഢം
പരസ്പരം വിരുദ്ധ്യന്തെ
തൈരയം ന വിരുദ്ധ്യതെ
അദ്വൈതം പരമാൎത്ഥോ ഹി
ദ്വൈതം തദ്ഭേദ ഉച്യതേ
തേഷാമുഭയഥാ ദ്വൈതം
തേനായം ന വിരുദ്ധ്യതെ.

ദ്വൈതികൾ തമ്മിലാണ് വഴക്ക്. അദ്വൈതികൾക്കു ആരോടും വഴക്കില്ല. "അന്യോന്യവിരോധികളായ മതങ്ങളോട് ഞങ്ങളുടെ ഈ വൈദികമായ ആത്മാവ് ഒന്നായുള്ളവെന്നപക്ഷം ഒരുവന് തന്റെ കൈകാലുകളോട് വിരോധം തോന്നാത്തതുപോലെ വിരോധമുള്ളതല്ല. ഇങ്ങനെ രാഗദ്വേഷാദിദോഷങ്ങൾക്ക് ആസ്പദമല്ലെന്നുള്ള കാരണത്താൽ ആത്മൈകത്വബുദ്ധിതന്നെയാണ് സമ്യഗ്ദൎശനം." എന്നു ശ്രീ ശങ്കരൻ പറയുന്നു. ക്രിസ്ത്യാനികളുടെ പള്ളികൾ തമ്മിൽ വഴക്ക്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ വഴക്ക്; ഇവരെല്ലാം ഹിന്ദുക്കളെ പുറജാതിക്കാരായും കാഫിറന്മാരായും വീക്ഷിക്കുന്നതും അതിൽനിന്നുള്ള വഴക്കുകളും. ഇതെല്ലാം ദ്വൈതത്തിൽ നിന്നുണ്ടാകുന്നതാണ്. അദ്വൈതത്തിലടിയുറച്ചാൽ ഇവരോടാരോടും വഴക്കില്ല. അതിനാൽ ശ്രീ ശങ്കരനെ തങ്ങളുടേതായിക്കരുതാൻ വിഷമമില്ലാത്ത ഹിന്ദുക്കൾ ശാങ്കരസിദ്ധാന്തം സ്വീകരിച്ച് അതു പ്രചരിപ്പിക്കണം.

അതിലാണു കേരളത്തിൻെറ ഭാവിയിരിക്കുന്നതു്. എപ്പോഴും ഹിന്ദുക്കളുടെമതം ശിവനും വിഷ്ണുവുംതമ്മിൽ കലഹിച്ചെന്നോ ശിവൻ വിഷ്ണുവിൻെറ സ്ത്രീരൂപം കണ്ടു കാമാധീനനായോടി അതിൽ കുട്ടിയെ ജനിപ്പിച്ചെന്നോ അല്ല പഠിപ്പിക്കുന്നതെന്നും ആ മതം ബാലിയുടെ വാലിൻെറ നീളത്തേയും രാവണൻെറ തലകളുടെ എണ്ണത്തേയും ആശ്രയിച്ചല്ല ഇരിക്കുന്നതെന്നും കാണിച്ചുകൊടുക്കുന്നുവോ അന്നു് കേരളത്തിലെ മതകലഹം ശമിക്കും. ഈ കഥകളല്ല ഹിന്ദുമതതത്വം. ഈ കഥാപുസ്തകങ്ങളല്ല ഹിന്ദുമതത്തിൻെറ മുഖ്യ പ്രമാണഗ്രന്ഥങ്ങൾ.

കഥാ ഇമാസ്തേ കഥിതാ മഹീയസാം
വിതായ ലോകേഷു യശഃ പരേയുഷാം
വിജ്ഞാനവൈരാഗ്യവിവക്ഷയാ വിഭോ
വചോവിഭൂതിന്ന തു പാരമാർത്ഥ്യം.

[ഭാഗവതം XII-3-14.]

എന്നു ഭാഗവതത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്. ഈ ലോകം നിത്യമല്ലെന്നും മനുഷ്യൻ മരിക്കുമ്പോൾ ഒന്നും കൊണ്ടുപോകയില്ലെന്നും മനുഷ്യൻെറ ഈ ലോകജീവിതം അനന്തരജീവിതത്തിനുള്ള ഒരുക്കമായിരിക്കണമെന്നും പഠിപ്പിക്കാനാണു ഈ കഥകളെല്ലാം എഴുതിയിട്ടുള്ളതു്. അല്ലാതെ ഈ കഥയെല്ലാം അക്ഷരാർത്ഥത്തിൽ ശരിയല്ല. കല്പിതകഥകളും അർദ്ധചരിത്രകഥകളും ചരിത്രകഥകളും ചേർന്നാണു് പുരാണങ്ങൾ എഴുതപ്പെട്ടിട്ടുള്ളതു്. എല്ലാററിൻേറയും ഉദ്ദേശം മുൻപറ

ഞ്ഞതുതന്നെ. ആ കഥകൾക്കു സർവ്വപ്രാധാന്യം കൊടുക്കുന്നതാണു് അന്യമതക്കാർക്കു നമ്മോടുവഴക്കുണ്ടാകുന്നതു്. വേദാന്തത്തോടു് ആർക്കും വഴക്കടിക്കാൻ സാധിക്കയില്ല. "In the whole world there is no study so beneficial and so elevating as that of the upanishads" എന്നു ജർമ്മനിയിലെ മഹാചിന്തകനായിരുന്ന ഷോപ്പൻഹവർ പറയുന്നു. വേദാന്തത്തിൽ ക്രിസ്തുവിനും നബിക്കും ബുദ്ധനും സ്ഥാനമുണ്ടു്. വേദാന്തം toleration (സഹിഷ്ണുത)മാത്രമല്ല acceptance (പരമതങ്ങളെന്നു കരുതപ്പെടുന്നവയെ തന്റേതായിസ്വീകരിക്കുക) കൂടിചെയ്യുന്നു. വേദാന്തംപഠിച്ച ഒരുവൻ ക്രിസ്തുവിന്റെയോ ബുദ്ധന്റെയോ നബിയുടെയോ ഉപദേശങ്ങളിൽ പുത്തനായൊന്നും കാണുകയില്ല ഈ അടുത്തകാലത്തു് അറംഗ്സീബിന്റെ ജ്യേഷ്ഠനായിരുന്ന ധാറാ എഴുതിയ "സമുദ്രസംഗമം" എന്നൊരു പുസ്തകംപ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതു വായിച്ചാൽ യഥാർത്ഥത്തിൽ വേദാന്തവും ഇസ്ലാമും പഠിപ്പിക്കുന്നതൊന്നാണെന്നു കാണാൻ കഴിയും. വേദാന്തദൃഷ്ടികൊണ്ടാണു് മഹാത്മജിയ്ക്കു്,

"ഈശ്വര അല്ലാ തേരേ നാമ്"

എന്നു പാടാൻ കഴിഞ്ഞതു്. വേദാന്തം അത്രയുമല്ല,

"ഈശ്വര അല്ലാ തേരേ നാമ്
കൃഷ്ണ, ബുദ്ധ തേരേ നാമ്
ഈശാ മസ്ധാ തേരേ നാമ്
സബ്കോ സന്മതി ദേ ഭഗവൻ"

എന്നുംകൂടി നമ്മെക്കൊണ്ടു പാടിക്കും. ഇശ്വരന്റെ പേരിൽ ആരും കലഹിക്കരുതു്. എന്തെന്നാൽ അനന്തനാമങ്ങളാൽ വ്യവഹരിച്ചു് ആരാധിക്കപ്പെടുന്നവനും അതേ സമയത്തു് നാമരൂപാതീതനുമാകുന്ന ഈശ്വരൻ എന്നു വേദാന്തം പറയുന്നു.

"ഏകം സദ്വിപ്രാ ബഹുധാ വദന്തി"

എന്നതു് അനാദികാലം മുതലുള്ള അതിന്റെ മുദ്രാവാക്യമാണു്.

വേദാന്തം അഥവാ ശാങ്കരമതം പരസ്പരസ്നേഹം അഥവാ സർവ്വഭൂതസ്നേഹം വേണമെന്നു കാര്യ്യകാരണസഹിതം നമ്മെ പഠിപ്പിക്കുന്നു. നാം ആരെയെങ്കിലും വെറുക്കുകയാണെങ്കിൽ നമ്മെത്തന്നെയാണു വെറുക്കുന്നതു്; ഈശ്വരനെയാണു വെറുക്കുന്നതു്. ഈശ്വരൻതന്നെയാണു് ജീവനായിരിക്കുന്നതു്.

"ഈശ്വരോ ജീവകലയാ
പ്രവിഷ്ടോ ഭഗവാനിതി
പ്രണമേദ്ദണ്ഡവദ്ഭൂമൌ
ആശ്വചണ്ഡാലഗോഖരം"

അതുകൊണ്ടു് വിവേകാനന്ദസ്വാമി ചോദിക്കുന്നു:- "നിങ്ങൾ ഈശ്വരനെ ആരാധിക്കാൻ എവിടെയാണു പോകുന്നതു്? നിങ്ങളുടെ മുമ്പിൽകാണുന്ന പാവങ്ങളും മർദ്ദിതരും ദീനന്മാരും ദരിദ്രന്മാരും എല്ലാം ഈശ്വരൻ

തന്നെയല്ലേ?" നാം ജനിക്കാതിരിക്കണമെങ്കിൽ ഈശ്വരനെ എല്ലായിടത്തും കാണണമെന്നു ഗീത പറയുന്നു. “യോ മാം പശ്യതി സർവ്വത്ര.” ഈശ്വരനെ പ്രാപിക്കണമെങ്കിൽ സർവ്വഭൂതങ്ങളുടേയും ഹിതത്തിൽ തൽപരന്മാരായിരിക്കണം. “സർവ്വഭൂതഹിതേ രതാഃ” “സർവ്വഭൂതസുഹൃൽ”

“സർവ്വേ ച സുഖിനഃ സന്തു
സർവ്വേ സന്തു നിരാമയാഃ
സർവ്വേ ഭദ്രാണി പശ്യന്തു
മാ കശ്ചിൽ ദുഃഖഭാഗ്ഭവേൽ”

എന്നാണു് വേദാന്തിയുടെ പ്രാർത്ഥന. ഒരുവനും ദുഃഖം വരരുതു്. എന്തെന്നാൽ അവനും ഞാനും ഒന്നു തന്നെ. ഈ മതം കേരളീയർ അംഗീകരിച്ചാൽ പിന്നെ ആരും ആരേയും മർദ്ദിക്കയില്ല. അഥവാ ഈ മതം അംഗീകരിക്കാത്ത ഒരുവൻ ഒരു സാധുവിനെ മർദ്ദിച്ചാൽ ആ മതം അംഗീകരിക്കുന്ന എല്ലാവരുടേയും ഹൃദയം ജാതിമതഭേദചിന്തകളെ അതിലംഘിച്ചു് അവനിലേക്കൊഴുകും. അപ്പോൾ മർദ്ദനം അവസാനിക്കും.

ശ്രീശങ്കരമതപ്രകാരം ധനത്തിന്റെ പ്രയോജനം ദീനശുശ്രൂഷയാണു്.

“ദേയം ദീനജനായ ച വിത്തം”

വീട്ടിൽ അരിവയ്ക്കുന്നതുപോലും അന്യന്മാർക്കു വേണ്ടിയായിരിക്കണം. “ആത്മാർത്ഥം പാചയേന്നാന്നം” (സൂതസംഹിത)

"ഭുഞ്ജതേ തേ ത്വഘം പാപാ
യേ പചന്ത്യാത്മകാരണാൽ"

തനിയ്ക്കു് ഉണ്ണാനെന്ന ബുദ്ധിയോടുകൂടി പാകം ചെയ്യുന്നവർ പാപത്തെയാണു ഭുജിക്കുന്നതു് എന്നു ഗീതാ.

"യാവൽ ഭ്രിയേത ജഠരം
താവൽ സ്വത്വം ഹി ദേഹിനാം
അധികം യോ ƒ ഭിമന്യേത
സ സ്തേനോ ദണ്ഡമർഹതി"
(ഭാഗവതം. VII-14-8.)

തന്റെ വയറു് —എന്നുവച്ചാൽ തന്നെ ആശ്രയിച്ചവരുടേയുംകൂടി ഉൾപ്പെട്ടും—കഴിക്കാൻ എന്തുവേണമോ അത്രയും സ്വത്തേ ഒരുവൻ വച്ചുകൊണ്ടിരിക്കാവു. അതിലധികം ഒരുവൻ സ്വന്തമായി വച്ചുകൊണ്ടിരുന്നാൽ അവൻ കള്ളനാണു്; അവൻ ശിക്ഷാർഹനാണു്. ഇതാണു് മതത്തിന്റെ ശാസനം. ഇതിനപ്പുറം ഒരു സാമ്പത്തികവ്യവസ്ഥിതി ഉപദേശിക്കാനുണ്ടോ? ഈ നില വന്നാൽ തൊഴിലാളിമുതലാളിവഴക്കുണ്ടാകുമോ? പണക്കാരൻ ഏഴുനില മാളികപ്പുറത്തു് സപ്രമഞ്ചക്കട്ടിലിൽ ഹംസതൂലികാമെത്തയിൽ ഇരുന്നു വിഹരിക്കുമ്പോൾ രാപ്പകൽ ഊണുറക്കമില്ലാതെ പണിയെടുക്കുന്ന പട്ടിണിപ്പാവം പുറംപോക്കറോഡരുകിലുള്ള ചെറ്റക്കുടിലിൽ രോഗബാധിതനായി വെള്ളംകുടിക്കാതെ കിടന്നു മരിയ്ക്കുമോ? കേരളത്തിലെ ഇന്നത്തെ സ്ഥിതി അതാണു്; പാവങ്ങൾ പട്ടിണികൊണ്ടു മരിയ്ക്കുകയാണു്. അതേസമയത്തു് മതത്തിന്റെ പേരിലും ഭാഗ്യയു

ടേയും മക്കളുടേയും ആഡംബരത്തിന്റെ പേരിലും ധനികന്മാർ പണം വിനോദിച്ചു ചിലവാക്കുകയും. എത്ര സാധുക്കളും ബുദ്ധിമാന്മാരുമായ കുട്ടികളാണ് ഒരു നേരം ആഹാരം കഴിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഒരു മുണ്ടുവാങ്ങിയുടുക്കാൻ പോംവഴി കാണാത്തതുകൊണ്ടും പഠിത്തമില്ലാതെ നടക്കുന്നത്? ഈ ആഡംബരത്തിൽ കഴിയുന്നവർ സേശ്വരന്മാരോ നിരീശ്വരന്മാരോ? ശാങ്കരമതപ്രകാരം അവർ നിരീശ്വരന്മാരാണ്; ശ്രീകൃഷ്ണമതപ്രകാരവും അതേ. ഇതിനു പോംവഴി ഗീതാമതമായ ശാങ്കരമതത്തിൽ കേരളത്തെ ആറാടിക്കുക മാത്രമാണ്. ശാങ്കരമതംതന്നെ വിവേകാനന്ദമതം.

“ഇതെല്ലാം രാജ്യതന്ത്രംകൊണ്ടു സാധിക്കയില്ലേ?” എന്നു ചോദിച്ചേക്കാം “Politics bereft of religion are a death-trap” എന്നു മഹാത്മജി പറയുന്നു. “Politics divorced of religion has absolutely no meaning.” എന്നദ്ദേഹം വേറൊരിടത്തു പറയുന്നു. ഇൻഡ്യയ്ക്കു മഹാത്മജിയോടു എന്തെങ്കിലും കടപ്പാടുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞ ഈ വാക്ക് ഒരിക്കലും തള്ളരുതാത്തതാണ്. രാജ്യതന്ത്രമെടുത്തു പെരുമാറുന്നവർക്ക് എപ്പോഴും രാഗദ്വേഷങ്ങൾ വരാം; അവർ അസത്യം പറഞ്ഞെന്നുവരാം. ഇതെല്ലാം കേരളത്തിലെ ഇന്നത്തെ അനുഭവമാണ്. അതിനെ തടയാനുള്ള മാർഗ്ഗം മതത്തിലേയുള്ളു.

“For me morals, ethics and religion are convertible terms. A moral life without reference to

religion is like a house built upon sand" എന്നു മഹാത്മജി ഒരിടത്തു പറയുന്നു. (ഹരിജൻ3-10-1936) ഇന്നു കേരളത്തിൽ വന്നുകൂടിയിരിക്കുന്ന ഒരു വലിയ കുഴപ്പം ചാരിത്രശുദ്ധിയില്ലായ്മയാണ്; സത്യനിഷ്ഠയില്ലായ്മയാണ്—പണത്തിനുവേണ്ടി എന്തുംചെയ്യാൻ മനുഷ്യർ മടിയില്ലാത്തവരായിട്ടുണ്ട്. പാവങ്ങളെ സംബന്ധിച്ചിടത്തോളം അതു ദാരിദ്ര്യംകൊണ്ടാണെന്നു പറയാം. രാഷ്ട്രീയമായും ധനപരമായും ഉയർന്നനിലയിലിരിക്കുന്നവരെപ്പററി എന്തുപറയുന്നു? ലക്ഷക്കാരൻ കരിഞ്ചന്ത വില്ക്കുന്നതെന്തുകൊണ്ട്? ആഫീസുകളിൽ അപേക്ഷകൾ അയച്ചാൽഅതു കാണുകയില്ല; ഒരു മേശയിൽനിന്നു് മററൊരുമേശയിലേക്കു നീങ്ങുകയില്ല. പല കാര്യങ്ങൾക്കു കച്ചേരികയറി നടക്കുന്ന എനിയ്ക്കു് ഇതു് അനുഭവമാണ്. ഇനി പോസ്റ്റാഫീസിൽ എഴുത്തു കൊണ്ടിട്ടാൽ അവിടെ നിന്നു ശിപായിയ്ക്കു കയ്ക്കൂലി കൊടുക്കാതെ അതിൽ മുദ്രകുത്തി അയയ്ക്കുകയില്ലെന്നുള്ള കാലവും വരുമെന്നുതോന്നുന്നു. ഒരുവനും കർത്തവ്യബോധമില്ല. ഇതിനു പരിഹാരമെന്തു്?

"സ്വകർമ്മണാ തമഭ്യർച്ച്യ
സിദ്ധിം വിന്ദതി മാനവഃ"

എന്ന വേദാന്തോപദേശം പഠിപ്പിക്കപ്പെടുകതന്നെ. ആളുകൾക്കു് ഈശ്വരവിശ്വാസമുണ്ടാകണം. ഏററവും വലിയ ഈശ്വരോപാസന പ്രതിഫലേച്ഛ കൂടാതെ സ്വധർമ്മം ചെയ്യുകയാകണന്നു പഠിപ്പിക്കപ്പെടുക

യും വേണം ഇന്നു ജനങ്ങളുടെ—വിശേഷിച്ചു ഹിന്ദുക്കളുടെ—ഒരു വലിയ സംഖ്യ നിരീശ്വരവാദികളാണു്. സേശ്വരവാദികളിൽതന്നെ ഭൂരിപക്ഷം ഈശ്വരനെ സേവിക്കുകയെന്നാൽ നാനാദേവതകളെ സേവിക്കുകയെന്നാണ് അർത്ഥമാകുന്നതു്.

കാമൈസ്തൈസ്തൈർഹൃതജ്ഞാനാഃ
പ്രപദ്യന്തേ ഽന്യദേവതാഃ
തം തം നിയമമാസ്ഥായ
പ്രകൃത്യാ നിയതാഃ സ്വയാ
അന്തവത്തു ഫലം തേഷാം
തദ്ഭവത്യല്പമേധസാം
ദേവാൻ ദേവയജോ യാന്തി
മദ്ഭക്താ യാന്തി മാമപി

ഈ ശ്ലോകം വ്യാഖ്യാനിച്ചുശേഷം ശങ്കരാചാര്യസ്വാമികൾ, "ഏവം സമാനേ ഽപി ആയാസേ മാം ഏവ ന പ്രപദ്യന്തേ അനന്തഫലായ, അഹോ ഖലു കഷ്ടം വർത്തന്തേ, ഇതി അനുക്രോശം ദർശയതി ഭഗവാൻ" എന്നു പറയുന്നു. (അതായതു് "ബുദ്ധിമുട്ടു തുല്യമാണെങ്കിലും അനന്തഫലം കിട്ടുമെന്നുള്ള സ്ഥിതിയ്ക്കു് അവർ എന്നെ പ്രാപിക്കാതെ അഹോ! കഷ്ടമായി വർത്തിക്കുന്നുവല്ലോ. എന്നു ഭഗവാൻ ദയ പ്രകടിപ്പിക്കുകയാണു്") ചിലർ അന്യായമായി ധനം സമ്പാദിച്ചു് വിഷയസുഖങ്ങൾക്കായി ചിലവാക്കിയിട്ടു് പഴനിയിലും രാമേശ്വരത്തും ശബരിമലയും പോയാൽ പാപമുണ്ടെങ്കിൽ—ഉണ്ടോ എന്നു്

അവൎക്ക് സംശയമാണ്"—അതു തീൎന്നുപോകുമെന്നു വിചാരിക്കുന്നു. ഇതുകൊണ്ടാണ് ജനങ്ങൾക്ക് സ്വധൎമ്മനിഷ്ഠ കുറയുന്നതു്. ഇതിനു വേദാന്തപ്രചരണമല്ലാതെമറെറന്താണുവഴി? മഹാത്മജി പറയുന്ന മതവും സദാചാരവും പൎയ്യായമാണെന്ന്, ഏതുമതം? "Vedanta in its unfalsified form is the support of pure morality. O Indians, keep to it" എന്നു ഡാക്ടർ പാൾ ഡ്യായിസൻ പറയുന്നു. എല്ലാ മതങ്ങളുടേയും തത്വങ്ങൾ ഉൾക്കൊള്ളുന്നതും എല്ലാ മതാചാൎയ്യന്മാരേയും ആദരിക്കാൻ പഠിപ്പിക്കുന്നതും യുക്തിയാകുന്ന പാറയിൽ അടിത്തറയുറപ്പിച്ചിട്ടുള്ളതും ജാതിമതഭേദബുദ്ധിയെ ഇല്ലാതാക്കുന്നതും സ്വാൎത്ഥതയെ സമ്പൂൎണ്ണം നശിപ്പിക്കുന്നതും സൎവ്വഭൂതഹിതത്തിനുവേണ്ടി പ്രവൎത്തിക്കുന്നതും സദാചാരനിഷ്ഠക്കു മുഖ്യസ്ഥാനം നൽകുന്നതും ആയ വേദാന്തമതം അല്ലാതെ മറെറതുണ്ടു്? മറെറതെങ്കിലുമുണ്ടെങ്കിൽ പറയുവിൻ. ബുദ്ധമതമോ? ക്രിസ്തുമതമോ? ഇസ്ലാംമതമോ? ബുദ്ധമതം ഈശ്വരനിൽ, ജഗൽകാരണഭൂതമായ സദ്വസ്തുവിൽ, വിശ്വസിക്കുന്നുണ്ടോ? ക്രിസ്തുമതം നിൎഗ്ഗുണനിരാകാരഭാവം അംഗീകരിക്കുമോ? ഇസ്ലാം ഈശ്വരൻെറ സഗുണസാകാരഭാവം സമ്മതിക്കുമോ? ശ്രീശങ്കരമതപ്രചരണമല്ലാതെ കേരളത്തിലെ കുഴപ്പങ്ങൾക്ക് മറെറതെങ്കിലും പരിഹാരം ഉണ്ടെങ്കിൽ നിങ്ങൾ അതാലോചിച്ചു കണ്ടുപിടിക്കുവിൻ! മററുവഴി കാണുന്നില്ലെങ്കിൽ നിങ്ങൾ എൻെറ വഴിക്കു ശ്രമിക്കുമോ? ശ്രമിക്കാമെന്നു പ്രതിജ്ഞ ചെയ്യുവിൻ.

ഈ ശ്രീശങ്കരമതമനുസരിച്ചു ജീവിക്കുന്ന കുറെ പെരുപ്പക്കാരെ ഉണ്ടാക്കുകയാണ് ശ്രീശങ്കരകാളേജിന്റെ ഉദ്ദേശ്യം. അതിനു ധനസഹായമഭ്യൎത്ഥിച്ചാണ് ഞാൻ ഇവിടെ വന്നിട്ടുള്ളതു്. കേരളത്തിന്റെ ഭാവിയെ കെട്ടിപ്പടുക്കുന്നതിന് ശ്രീശങ്കരകാളേജാണ് ഏററവും പററിയതെന്ന് മനസ്സിലാക്കി നിങ്ങ‌ൾ എന്നെ സഹായിക്കുവിൻ. ഏതായാലും ഇന്നത്തെ നിലയിൽ ഐക്യകേരളപ്രവിശ്യ വളരെ വിജയപ്രദമാണോ എന്ന് എനിക്കറിഞ്ഞുകൂടാ. വിജയിച്ചാൽ നന്ന്. ഐക്യകേരളപ്രവിശ്യ ഉണ്ടാകുംമുമ്പുതന്നെ കേരളത്തിലെ കുഴപ്പങ്ങ‌ൾ മാററാനുള്ള വഴി എത്രയും വേഗം തെളിച്ചാൽ നന്ന്. ഞാൻ എന്റെ അനുഭവത്തെ അടിസ്ഥാനമാക്കി ചിലതു നിങ്ങളുടെ മുമ്പിൽവച്ചു. നിങ്ങ‌ൾ ഇതിൽ ശ്രദ്ധിക്കണം.

ഭാരതം ഇരുളടഞ്ഞുകിടന്നകാലത്തു് ഒരു ശ്രീശങ്കരൻ കേരളത്തിൽനിന്ന് പുറപ്പെട്ട് ഭാരതത്തെ രക്ഷിച്ചു. ശ്രീശങ്കരനാണ ഇൻഡ്ധ്യയിലെ ഒന്നാമത്തെ അറിഞ്ഞുകൊണ്ടുള്ള നേഷൻ നിൎമ്മാതാവു്. (First conscious nation-builder) അദ്ദേഹത്തിനുമുമ്പ് ചരിത്രാതീതകാലത്തു് സൂൎയ്യവംശ ചന്ദ്രവംശരാജാക്കന്മാരും ചരിത്രകാലത്തു് ബുദ്ധനും അശോകനുംമററും നേഷൻ നിൎമ്മാതാക്കളായിരുന്നിട്ടുണ്ട്. എന്നാൽ അവർ അറിഞ്ഞുകൊണ്ട് ഇൻഡ്ധ്യയുടെ നാഷനൽ ഐക്യം സ്ഥാപിച്ചവരല്ല. അവരുടെ പ്രവൃത്തിയുടെ ഫലം നേഷന്റെ ഐക്യത്തിനു സഹായിച്ചുവെന്നേയുള്ളു. എന്നാൽ ശ്രീശങ്ക

രൻ്ഞങ്ങനെയല്ല. ഭാരതഖണ്ഡത്തിൻെറ തെക്കെകോണിൽ ജനിച്ചു. അദ്ദേഹം മുപ്പത്തിരണ്ടുവർഷത്തെ ഹ്രസ്വജീവിതത്തിനകം കൊടുങ്കാററുപോലെ ഇൻഡ്യ മുഴുവൻ ചുററി സഞ്ചരിച്ചു് സകല മതക്കാരേയും വാദത്തിൽ —വാളുകൊണ്ടല്ല — ജയിച്ചു് അവരവരുടെ ഇഷ്ടമൂർത്തികൾക്കു നാശം വരുത്താതെ സ്വമതത്തിൽ ലയിപ്പിച്ചു് മതൈക്യം ഉറപ്പിച്ചിട്ടു് ഭാരതത്തിൻെറ നാലു കോണിലും നാലു മഠങ്ങൾ സ്ഥാപിച്ചതു് ഇൻഡ്യയുടെ ദേശീയൈക്യബോധം നിലനിത്താനാണു്. പണ്ഡിററു് നെഹ്രുപോലും ഇതു സമ്മതിച്ചിട്ടുണ്ടു്. സർവ്വോപരി അദ്ദേഹം ഭാഷാപരമായ ഐക്യവും ആഗ്രഹിച്ചു. അദ്ദേഹം എഴുതിയ സകലഗ്രന്ഥവും സംസ്കൃതത്തിലാണു്. ഭരണൈക്യം, ഭാഷൈക്യം, മതൈക്യം ഇവയാണു് ഒരു നേഷൻെറ ശാശ്വതൈക്യത്തിനാവശ്യം. അതിൽ ഭരണൈക്യം സ്ഥാപിക്കുക ശ്രീശങ്കരൻെറ വിഷയമല്ലായിരുന്നു. അത്രയുമല്ല, അന്നു് അതു് വാളുകൊണ്ടു് സാധിക്കേണ്ടതായുമിരുന്നു. “അഭയം സർവ്വഭൂതേഭ്യഃ” എന്നു് സത്യംചെയ്ത അദ്ദേഹത്തിനു് അതു ചെയ്വാൻ പാടില്ലാത്തതായുമിരുന്നു. അത്രയുമല്ല, അതിനേക്കാൾ ആവശ്യമുള്ളതും ഉറപ്പുള്ളതും മററുരണ്ടുമാണെന്നു് അദ്ദേഹം അറിഞ്ഞിട്ടുമുണ്ടായിരുന്നു. ആ ശ്രീശങ്കരൻെറദേശത്തെ കുഴപ്പത്തിൽനിന്നു രക്ഷിക്കാൻ ഓരോ കേരളീയനും മാത്രമല്ല, ഓരോഭാരതീയനും കടമയുണ്ടു്- രാഷ്ട്രീയമായി ഐക്യം പ്രാപിച്ചിരിക്കുന്ന ഇൻഡ്യൻ ഗവർമ്മെൻറിനും ചുമതലയുണ്ടു്. കേരളീയനായ ഓരോരുവനോടും ഞാൻ പറയുന്നു ശ്രീ ശങ്കര ഗ്രന്ഥ

ങ്ങൾ പഠിക്കാൻ, ശങ്കരമതം പ്രചരിപ്പിക്കാൻ. സംസ്കൃതമായതുകൊണ്ട് പ്രയാസം തോന്നുന്നെങ്കിൽ ശങ്കരമതംതന്നെയാണ് സ്വാമി വിവേകാനന്ദന്റെ പ്രസംഗങ്ങളിൽ കാണുന്നതു്. അതു വായിച്ചുപഠിച്ചു് അതിലെ ആശയങ്ങൾ പ്രചരിപ്പിക്കുക. ഇംഗ്ലീഷു നന്നാകാനും അതു നല്ലതു്. തിരുവിതാംകൂർ സർവ്വകലാശാല വൈസ് ചാൻസലർ മി: മുതലിയാർപോലും എന്നോടു പറഞ്ഞു തന്റെ ഇംഗ്ലീഷ് നന്നായതു് സ്വാമി വിവേകാനന്ദന്റെ ഗ്രന്ഥങ്ങൾവായിച്ചിട്ടാണെന്നു്. അങ്ങനെ വിവേകാനന്ദഗ്രന്ഥങ്ങൾ പഠിച്ചും ശ്രീശങ്കരന്റെ സംസ്കൃതഗ്രന്ഥങ്ങൾ മലയാള വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവ പഠിച്ചും, കഴിവുള്ളവർ സംസ്കൃതംതന്നെപഠിച്ചു നേരിട്ടുവായിച്ചും ശാങ്കരമതം പ്രചരിപ്പിക്കണം. ഇതു സകല കേരളീയന്റെയും, അയാൾ ഏതു ദേശത്തുതാമസിച്ചാലും ഉള്ള കടമയാണു്. അങ്ങനെമാത്രമേ കേരളത്തിന്റെ ഭാവി ശോഭനമാകൂ. അപ്പോഴേ ആ ഗുരുനിന്ദാപാപം പോകൂ. ആ കൃത്യം നിർവ്വഹിച്ചു് കേരളത്തിന്റെ കുഴപ്പങ്ങൾ തീർത്തു് ആ സംസ്കാരം ഭാരതംമുഴുവൻവ്യാപിപ്പിച്ചു് ഭാരതത്തെ ഒരു സുശക്തമായ നേഷനാക്കി നിലനിർത്തുകയും ആ നേഷന്റെ കീഴിൽ നിത്യമായ ലോകശാന്തി സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള താല്പര്യം നിങ്ങൾക്കുണ്ടാകട്ടെ! അതിനുള്ള കരുത്തും നിങ്ങൾക്കു സർവ്വേശ്വരൻ തരട്ടെ!

1 ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

ഈ പുസ്തകത്തിന്റെ പാരായണം വായനക്കാൎക്കു് ശ്രീരാമകൃഷ്ണദേവന്റേയും ഭക്തന്മാരുടേയും സന്നിധിയിൽ ഇരുന്നു നിരതിശയാനന്ദം അനുഭവിക്കുന്നപോലെയുള്ള നിർവൃതിയെ നല്കുന്നു.

ഒന്നാംഭാഗം വില ക 1—4—0

പ്രബുദ്ധകേരളം വരിക്കാൎക്കു് ക 1—0—0

2 ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

രണ്ടാം ഭാഗം വില ക 1—0—0

പ്രബുദ്ധകേരളം വരിക്കാൎക്കു് ക 0—14—0

3. കാലടി അദ്വൈതാശ്രമസ്തോത്രാവലി.

പല വിശേഷപ്പെട്ട സ്തോത്രങ്ങളും കൂട്ടിച്ചേൎത്തു് പരിഷ്കരിച്ച പുതിയ

രണ്ടാം പതിപ്പു് വില ക 0—4—0

4. ഹരിനാമകീൎത്തനം.

ശ്രീ തുഞ്ചത്തെഴുത്തച്ഛൻ രചിക്കയും പാടുകയും പ്രചരിപ്പിക്കയുംചെയ്ത പ്രസിദ്ധ ഹരിനാമകീൎത്തനം 3-ാംപതിപ്പു് ലളിതമായ വ്യാഖ്യാനത്തോടുകൂടിയതു്.

വില ക 0—4—0

മാനേജർ,

പ്രബുദ്ധകേരളം,

കാലടി, T. C. S.

# പ്രബുദ്ധകേരളം.

"എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേക്കു നയിക്കുന്ന വിഭിന്ന മാർഗ്ഗങ്ങൾ" എന്നു പഠിപ്പിച്ച ഭഗവാൻ ശ്രീരാമകൃഷ്ണദേവന്റെയും ഭാരതത്തെ അജ്ഞാനനിദ്രയിൽനിന്നുണർത്തിയ വേദാന്തകേസരി ശ്രീ. വിവേകാനന്ദസ്വാമികളുടേയും ഉപദേശങ്ങളുടെ വെളിച്ചത്തിൽ സനാതനധർമ്മതത്വങ്ങളെ വിശദീകരിച്ചുകൊണ്ടു് കഴിഞ്ഞ നാല്പതു വർഷമായി മുടങ്ങാതെ നടത്തിവരുന്നതും രാമകൃഷ്ണസംഘത്തിന്റെ മലയാള മുഖപത്രവുമായ കേരളത്തിലെ ഏക മതവിഷയമാസിക വായിച്ചു ആത്മനിർവൃതി നേടുവിൻ!

**വാർഷികവരിസംഖ്യ**

**മുൻകൂർ 5 ക**

മാനേജർ,
പ്രബുദ്ധകേരളം,
കാലടി, T. C. S.